F.Y.
March 2012

Reg. No. ..............................

Name ..............................

COMMERCE FACTORY

348

Part - III

# BUSINESS STUDIES

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Scanned by CamScanner

1. Profit acts as a powerful motivator for every businessman. Identify which among the following is the role of profit in a business :

a) Source of funds for growth.

b) Livelihood for a businessman.

c) Reward for risk taking.

d) All of these. (1)

2. Which among the following is an example of a 'Genetic industry'?

a) Dairy farming

b) Building roads

c) Mining of coal

d) Furniture making (1)

3. The most suitable form of organization for risky business is ....

a) Sole proprietorship

b) Partnership firm

c) Joint Hindu Family business

d) Joint Stock Company (1)

Disinvestment of PSUs implies :

a) Sale of equity shares

b) Floatation of debentures

c) Winding up of a company

d) Diversification of products (1)

The type of retail trade which is totally dependent upon advertisement is :

a) Departmental store

b) Super market

c) Multiple shop

d) Mail order business (1)

1. ലാഭം ഓരോ ബിസിനസുകാരനും ശക്തമായ ഉത്തേജനം നല്കുന്നു. ഇവിടെ പ്രതിപാദിച്ചിട്ടുള്ളവയിൽ ബിസിനസിൽ ലാഭത്തിന്റെ പങ്ക് എന്താണെന്ന് കണ്ടെത്തുക.

a) വളർച്ചയ്ക്കുള്ള ധന സ്രോതസ്സാണ്.

b) ബിസിനസ്കാരന്റെ ജീവിത മാർഗ്ഗമാണ്.

c) നഷ്ട സാധ്യതയ്ക്കുള്ള പ്രതിഫലമാണ്.

d) ഇവയെല്ലാമാണ്. (1)

2. ജനിതക വ്യവസായത്തിന് ഉദാഹരണം ഏത്?

a) ക്ഷീരോല്പാദനം

b) റോഡ് നിർമ്മാണം

c) കൽക്കരി ഖനനം

d) ഫർണിച്ചർ നിർമ്മാണം (1)

3. കൂടുതൽ നഷ്ട സാധ്യതയുള്ള ബിസിനസിന് ഏറ്റവും അനുയോജ്യമായ രൂപം ഏത്?

a) ഏകാംഗ വ്യാപാരം

b) പങ്കാളിത്ത സ്ഥാപനം

c) ഹിന്ദു കൂട്ടു കുടുംബം

d) കമ്പനികൾ (1)

4. പൊതു മേഖലാ സ്ഥാപനങ്ങളിലെ ഓഹരി വിറ്റഴിക്കൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് :

a) സാധാരണ ഓഹരികളുടെ വില്പന

b) കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ

c) കമ്പനി അടച്ചു പൂട്ടൽ

d) ഉത്പന്ന വൈവിധ്യീകരണം (1)

5. പൂർണ്ണമായും പരസ്യത്തെ ആശ്രയിക്കുന്ന ചില്ലറ വ്യാപാര സ്ഥാപനം ഏത്?

a) ഡിപ്പാർട്ട്മെന്റൽ സ്റ്റോർ

b) സൂപ്പർ മാർക്കറ്റ്

c) മൾട്ടിപ്പിൾ ഷോപ്പ്

d) മെയിൽ ഓർഡർ ബിസിനസ് (1)

Scanned by CamScanner

6. A medical shop in your locality decides to use paper bags instead of plastic covers. Comment on the situation in the light of social responsibility of a business. (2)

7. Complete the series, based on the given hint :

Hint : Hindrance of place → transportation

a) Hindrance of time → .....?.....

b) Hindrance of knowledge → ..?.... (2)

8. 'Info Park Ltd.', a public company dealing with Accounting softwares, wants to change their name to 'Info Solutions Ltd.'. Is it possible? If so, what are the procedures to be followed for effecting this change in the name? (2)

9. On every morning, a three-wheeled vehicle appears in front of your house selling vegetables to the households.

a) Identify the type of retailer referred to here.

b) Mention any two characteristics of this retailer. (2)

10. Mr. Rajesh steals a bill of lading from somewhere and endorses it to Suresh. He receives it in good faith and for valuable consideration. Does Suresh get a better title than Rajesh? Substantiate your answer. (2)

6. നിങ്ങളുടെ പ്രദേശത്തെ ഒരു മെഡിക്കൽ ഷോപ്പ് പ്ലാസ്റ്റിക് കവറുകൾക്ക് പകരമായി പേപ്പർ ബാഗുകൾ നല്കുവാൻ തീരുമാനിക്കുന്നു. ബിസിനസിന്റെ സാമൂഹ്യ പ്രതിബദ്ധതയുമായി ബന്ധപ്പെട്ട നിങ്ങളുടെ പ്രതികരണം എഴുതുക. (2)

7. സൂചനയെ അടിസ്ഥാനമാക്കി ക്രമം പൂർത്തീകരിക്കുക.

സൂചന: സ്ഥലപരമായ തടസം → ഗതാഗതം.

a) സമയപരമായ തടസം → ....?......

b) വിജ്ഞാനപരമായ തടസം → ....?.... (2)

8. അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയറുകൾ വിപണനം നടത്തുന്ന 'ഇൻഫോ പാർക്ക് ലിമിറ്റഡ്' എന്ന കമ്പനിയുടെ പേര് 'ഇൻഫോ സൊലൂഷൻസ് ലിമിറ്റഡ്' എന്നാക്കി മാറ്റാൻ ആഗ്രഹിക്കുന്നു. ഇതു സാധ്യമാണോ? സാധ്യമെങ്കിൽ, ഇതിനുള്ള നടപടിക്രമം വിശദമാക്കുക. (2)

9. എല്ലാ ദിവസവും രാവിലെ പച്ചക്കറികൾ വില്ക്കുന്നതിനായി നിങ്ങളുടെ വീടിനു മുൻപിലെത്തുന്ന മുച്ചക്ര വാഹനം കണ്ടിട്ടില്ലെ?

a) ഇത് ഏത് തരം ചില്ലറ വ്യാപാരമാണ്?

b) ഈ ചില്ലറ വ്യാപാരിയുടെ രണ്ട് പ്രത്യേകതകൾ എഴുതുക. (2)

10. രാജേഷ് ഒരു 'ബിൽ ഓഫ് ലാഡിംഗ്' മോഷ്ടിച്ച് സുരേഷിനു നല്കുന്നു. ഇയാൾ ഉത്തമ ബോധ്യത്തോടും, പ്രതിഫലം നല്കിയുമാണ് ഇത് വാങ്ങിയത്. സുരേഷിന് ഈ പ്രമാണത്തിൽ പൂർണ അവകാശം ലഭിക്കുമോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. (2)

Scanned by CamScanner

11. Mr. Biju Luckose is a Chartered Accountant, who runs an accounting firm for preparing the financial statements and auditing the books of accounts of traders.

a) Identify the economic activity he is engaged in.

b) State any two distinguishing features of this occupation. **(3)**

12. "The success of a business depends not only on his efforts but also a number of uncontrollable factors". Do you agree with this statement? Explain your answer by specifying the major causes of such unexpected events happening in a business. **(3)**

13. The problem of unemployment in Kerala can be reduced by promoting 'BPO' services. Do you agree? Substantiate your answer. **(3)**

14. Name the financial services provided by the following firms :

a) Sudha Solutions engaged in credit management and debt servicing for their clients.

b) Bull Enterprises Ltd. collects savings of individuals and organizations to invest in a portfolio of stocks.

c) Falcon Associates provide services for issue management, underwriting and similar financial services to the corporate sector. **(3)**

11. കച്ചവട സ്ഥാപനങ്ങളുടെ വാർഷിക കണക്കുകളും, കണക്കു പരിശോധനയും നടത്തുന്നതിനായി ഒരു അക്കൗണ്ടിങ്ങ് സ്ഥാപനം സ്വന്തമായി നടത്തുന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് ബിജു ലൂക്കോസ്.

a) ഇയാൾ ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രവർത്തനം ഏത്?

b) ഈ പ്രവർത്തനത്തിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക. **(3)**

12. സ്വന്തം പ്രയത്നങ്ങൾക്കുപരിയായി, ഒരു ബിസിനസുകാരന്റെ വിജയം അയാൾക്കു നിയന്ത്രിക്കാൻ കഴിയാത്ത അനവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ഇത്തരം അപ്രതീക്ഷിത കാര്യങ്ങൾ ബിസിനസിൽ സംഭവിക്കാനുള്ള കാരണങ്ങൾ പ്രതിപാദിച്ച് ഉത്തരം വിശദീകരിക്കുക. **(3)**

13. പുറം കരാർ സേവന മേഖലയിലൂടെ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുമെന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. **(3)**

14. താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന സാമ്പത്തിക സേവനങ്ങളുടെ പേര് എഴുതുക:-

a) സുധാ സൊലൂഷൻസ്, കക്ഷികൾക്കുവേണ്ടി വായ്പ തുക പിരിച്ചെടുക്കാൻ സഹായിക്കുന്നു.

b) ബുൾ എന്റർപ്രൈസസ്, പൊതുജനങ്ങളിൽനിന്നും പണം സമാഹരിച്ച് വിവിധ കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കുന്നു.

c) ഫാൽക്കൺ അസോസിയേറ്റ്സ്, ഓഹരികൾ പുറപ്പെടുവിക്കുന്നതിനും, അവ പൊതുജനങ്ങൾക്ക് വിറ്റഴിക്കുന്നതിനും സഹായിക്കുന്നു. **(3)**





Scanned by CamScanner

15. Classify the following enterprises into departmental organization, statutory corporation and Govt. company.

a) Indian Railways

b) Food Corporation of India

c) Hindustan Machine Tools

d) Chittaranjan Locomotive Works

e) Bharat Heavy Electricals

f) Unit Trust of India (3)

15. താഴെ പറയുന്ന സ്ഥാപനങ്ങളെ ഡിപ്പാർട്ടുമെന്റൽ ഓർഗനൈസേഷൻ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, ഗവൺമെന്റ് കമ്പനി എന്നീ തലക്കെട്ടുകളിലായി തരം തിരിച്ചെഴുതുക.

a) ഇന്ത്യൻ റയിൽവെ

b) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

c) ഹിന്ദുസ്ഥാൻ മിഷ്യൻ ടൂൾസ്

d) ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്സ്

e) ഭാരത് ഹെവി ഇലക്ട്രിക്കൽസ്

f) യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ (3)

16. As a source of finance, retained profits are better than other sources of company finance. Do you agree with this view? Give reasons for your answer. (3)

16. കമ്പനികളുടെ മൂലധന സ്വരൂപണത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗമാണ് സ്ഥാപനത്തിൽ നിലനിർത്തുന്ന ലാഭം. ഈ ചിന്താഗതിയോട് നിങ്ങൾ യോജിക്കുന്നുവോ? ഉത്തരം കാരണ സഹിതം വിവരിക്കുക. (3)

17. "Wholesalers are unnecessary in the present distribution system. Their elimination would be beneficial to the society". Do you agree with this statement? Discuss in the light of modern trends in marketing. (3)

17. മൊത്ത വ്യാപാരികൾ വിതരണ ശൃംഖലയിൽ അനിവാര്യമല്ലാത്തതിനാൽ ഒഴിവാക്കപ്പെടേണ്ടതാണ്. ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണം, വിപണനത്തിലെ ആധുനിക പ്രവണതകളെ പരിഗണിച്ച്, എഴുതുക. (3)

18. A business has a responsibility towards the owners on one side and the society on the other. These are like the two sides of a coin. Mention the major responsibilities of a business towards these interest groups. (4)

18. ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെ, ബിസിനസ്സിന് അതിന്റെ ഉടമസ്ഥരോടും, സമൂഹത്തോടും ഒരു പോലെ ഉത്തരവാദിത്വമുണ്ട്. ഈ രണ്ട് തല്പര കക്ഷികളോടും ബിസിനസിനുള്ള പ്രധാന ഉത്തരവാദിത്വങ്ങൾ എഴുതുക. (4)

Scanned by CamScanner

19. The rubber producers in your locality propose to form an organization to safeguard themselves from the exploitation of large-scale manufacturers and to get better prices for their products.

a) Suggest the form of organization most suitable to these farmers.

b) State its salient features. **(4)**

20. Ponds (USA), Cadbury (U.K.), Suzuki (Japan), etc. are some global enterprises operating in our country. Discuss their positive and negative roles in Indian economy. **(4)**

21. An engineering graduate likes to set up an export-oriented industrial unit based on nanotechnology. He wants to import heavy machinery from Japan without involving import duty. He needs a place with sound infrastructural facilities.

a) Where should he locate this business?

b) Explain the benefits available to him by starting his venture at this location. **(4)**

19. നിങ്ങളുടെ പ്രദേശത്തുള്ള റബ്ബർ കർഷകർ, വൻകിട വ്യവസായങ്ങളുടെ ചൂഷണത്തിൽനിന്നും സംരക്ഷണം ലഭിക്കാനും, തങ്ങളുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുമായി ഒരു ബിസിനസ് സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

a) ഈ കർഷകർക്ക് ഏറ്റവും ഉചിതമായതരം ബിസിനസ് സംരംഭം ഏത്?

b) ഇത്തരം സ്ഥാപനങ്ങളുടെ പ്രധാന പ്രത്യേകതകൾ എഴുതുക. **(4)**

20. പോണ്ട്സ് (അമേരിക്ക) കാഡ്ബറി (ഇംഗ്ലണ്ട്) സുസുക്കി (ജപ്പാൻ) തുടങ്ങിയ ആഗോള കച്ചവട സംരംഭങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയിൽ ഇത്തരം സ്ഥാപനങ്ങളുണ്ടാക്കുന്ന അനുകൂല, പ്രതികൂല പ്രവണതകൾ ചർച്ചചെയ്യുക. **(4)**

21. നാനോ ടെക്നോളജിയിൽ അധിഷ്ടിതമായ, വ്യവസായ സ്ഥാപനം ആരംഭിക്കാൻ ഒരു എഞ്ചിനിയറിംങ് ബിരുദധാരി ആഗ്രഹിക്കുന്നു. ഇതിനാവശ്യമായ യന്ത്രസാമഗ്രികൾ തീരുവയില്ലാതെ ജപ്പാനിൽ നിന്നും ഇറക്കുമതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്ഥലമാണ് ഇതിനായി അദ്ദേഹം പരിഗണിക്കുന്നത്.

a) ഈ ബിസിനസ് സംരംഭം ആരംഭിക്കുന്നതിന് ഏറ്റവും ഉചിതമായ സ്ഥലം ഏത്?

b) ഇവിടെ ബിസിനസ് സ്ഥാപിക്കുന്നതിലുള്ള നേട്ടങ്ങൾ എന്തെല്ലാം? **(4)**

Scanned by CamScanner

22. "One man control is best in the world, if that one man is big enough to manage everything". Explain this statement by highlighting the merits and demerits of such form of business organizations. **(6)**

23. Mr. Benny Thomas is interested in floating a public limited company. He is now entrusted with the task of preparing a document to invite offers from the public to purchase shares of the company.

a) Name the document he is now preparing.

b) List the important matters to be included in this document. **(6)**

24. One of your friends started a small-scale industrial unit under the self-employment scheme. He wants to open an account with a commercial bank. Explain to him the various types of deposit accounts which can be opened with a bank. Also suggest the most suitable type of account for the businessman. **(8)**

**OR**

One of your friends intends to become an insurance agent. He wants to know about the important principles governing insurance contracts. Explain these principles with the help of suitable examples.

22. 'സ്വയം സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ കഴിയുമെങ്കിൽ, ഒരാൾ മാത്രം പൂർണ്ണ നിയന്ത്രണമുള്ള സ്ഥാപനങ്ങളാണ് ഏറ്റവും ഉചിതം' ഈ പ്രസ്താവന, ഇത്തരം സ്ഥാപനങ്ങളുടെ മേന്മകളും, പോരായ്മകളും കണക്കിലെടുത്ത്, വിശദീകരിക്കുക. **(6)**

23. ഒരു ലിമിറ്റഡ് കമ്പനി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബെന്നി തോമസ് ആരംഭിച്ചിട്ടുണ്ട്. കമ്പനിയുടെ ഓഹരികൾ വാങ്ങുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുന്നതിനുള്ള പ്രമാണം തയ്യാറാക്കുന്ന ജോലിയിലാണ് ഇപ്പോൾ അയാൾ ഏർപ്പെട്ടിരിക്കുന്നത്.

a) ഈ കമ്പനി രേഖയുടെ പേര് എഴുതുക.

b) ഈ രേഖയിൽ ഉൾപ്പെടുത്തേണ്ട പ്രധാന വിശദാംശങ്ങൾ എന്തെല്ലാം? **(6)**

24. സ്വയം തൊഴിൽ പദ്ധതിയിൽ നിങ്ങളുടെ സുഹൃത്ത് ഒരു ചെറുകിട വ്യവസായ സ്ഥാപനം ആരംഭിക്കുന്നു. ബാങ്ക് ഇടപാടുകൾ നടത്തുന്നതിനായി ഒരു അക്കൗണ്ട് തുടങ്ങാൻ അയാൾ ആഗ്രഹിക്കുന്നു. ഒരു ബാങ്കിൽ ആരംഭിക്കാൻ കഴിയുന്ന നിക്ഷേപ അക്കൗണ്ടുകളെക്കുറിച്ച് വിശദീകരണം നല്കുക. ഇയാൾക്ക് ഏറ്റവും ഉചിതമായ നിക്ഷേപ അക്കൗണ്ട് ഏതെന്നു നിർദ്ദേശിക്കുക. **(8)**

**അല്ലെങ്കിൽ**

നിങ്ങളുടെ ഒരു സുഹൃത്ത്, ഇൻഷുറൻസ് ഏജന്റ് ആവാൻ ആഗ്രഹിക്കുന്നു. ഇൻഷുറൻസ് കരാറുകളെ നിയന്ത്രിക്കുന്ന പ്രധാന തത്വങ്ങൾ ഉദാഹരണങ്ങളിലൂടെ ഇയാൾക്ക് വിശദീകരിച്ചു നല്കുക.

Scanned by CamScanner

25. These shares also form part of ownership securities with preferential claim over dividends and repayment of capital. The investors who expect a fixed higher income prefer to invest in these securities.

a) Explain the different varieties of such securities.

b) How do they differ from other ownership securities issued to the public? **(8)**

**OR**

A company with a good track record of profitability, proposes to borrow additional funds from the public for expansion of their business. The management of the company is not interested in dilution of control over the business.

a) Suggest a suitable type of securities for raising the funds.

b) Explain its main features as a source of finance.

25. ഉടമസ്ഥതാ മൂലധനത്തിൽ ഉൾപ്പെടുന്ന ഈ ഓഹരികൾക്ക്, ലാഭവിഹിതം ലഭിക്കുന്നതിലും, തിരിച്ചടവു ലഭിക്കുന്നതിലും മുൻഗണനയുണ്ട്. ഉയർന്ന സ്ഥിര വരുമാനം പ്രതീക്ഷിക്കുന്ന നിക്ഷേപകർക്ക് ഇത് ഏറെ ഉചിതമാണ്

a) ഇത്തരം ഓഹരികൾ ഏതെല്ലാം തരങ്ങളിൽ ലഭ്യമാണ്? വിശദീകരിക്കുക.

b) ഈ ഓഹരികൾ മറ്റുള്ള ഉടമസ്ഥതാ മൂലധനത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. **(8**

**അല്ലെങ്കിൽ**

ഉയർന്ന ലാഭനിരക്കിൽ പ്രവർത്തിക്കുന്ന ഒരു കമ്പനി, വിപുലീകരണത്തിനായി അധിക മൂലധനം കടമായി സ്വരൂപിക്കാൻ തീരുമാനിക്കുന്നു. എന്നാൽ അധികാര വികേന്ദ്രീകരണത്തിന് എതിരാണ് നിലവിലുള്ള കമ്പനി മാനേജ്മെന്റ്.

a) ഈ കമ്പനിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഏറ്റവും ഉചിതമായ ധന സമാഹരണ പ്രമാണം ഏതാണ്?

b) ഈ ധന സമാഹരണ സ്രോതസ്സിന്റെ പ്രധാന പ്രത്യേകതകൾ ഏവ?

Scanned by CamScanner